## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3287     14.03.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

### സ്റ്റെന്റ്, പേസ് മേക്കർ എന്നിവ വിതരണം ചെയ്യ കമ്പനികൾക്ക് നൽകവാനുള്ള കുടിശ്ശിക

| | ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഹൃദ്രോഗികൾക്കാവശ്യമായ സ്റ്റെന്റ്, പേസ് മേക്കർ എന്നിവ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും വാങ്ങിയ വകയിൽ വിതരണം നടത്തിയ കമ്പനികൾക്ക് സർക്കാർ നൽകവാനുള്ള തുക കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ)<br>&<br>(ബി) | ആരോഗ്യ വകുപ്പിന്റെ കീഴിൽ ജനറൽ ആശുപത്രി എറണാകുളത്തും ജില്ലാ ആശുപത്രി പാലക്കാടുമുള്ള കാർഡിയോളജി യൂണിറ്റിലാണ് സ്റ്റെന്റ്, പേസ് മേക്കർ എന്നിവ ഉപയോഗിക്കുന്നത്. ഈ രണ്ടു സ്ഥാപനങ്ങളിലും ഇവ വാങ്ങിയ വകയിൽ വിതരണം നടത്തിയ കമ്പനികൾക്ക് കുടിശ്ശിക തുക നൽകാനുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽ 2,37,34,269/- രൂപയും പാലക്കാട് ജില്ലാ ആശുപത്രിയിൽ 2,70,88,172/- രൂപയും കുടിശ്ശികയുണ്ട്.<br>തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹൃദയ ചികിൽസയ്ക്കാവശ്യമായ സ്റ്റെന്റ്, പേസ് മേക്കർ എന്നിവ വാങ്ങിയ വകയിൽ വിതരണം നടത്തിയ കമ്പനികൾക്ക് 2018 മാർച്ച് മാസം വരെയുള്ള കുടിശ്ശിക തുക ഇതിനോടകം നൽകികഴിഞ്ഞു. 2018 ഏപ്രിൽ മാസം മുതൽ 2018 ആഗസ്റ്റ് മാസം വരെയുള്ള തുക കമ്പനികൾക്ക് വിതരണം ചെയ്യാനുണ്ട്.<br>2018 ഏപ്രിൽ മാസത്തെ വിതരണത്തിന്റെ തുക നൽകുന്നതു പൂർത്തീകരിച്ചു വരുന്നു.<br>KHRWS/HDS -നു കീഴിൽ പ്രവർത്തിച്ചു വരുന്ന കാത്ത് ലാബിൽ നിന്നുള്ള കമ്പനികളുടെ ബില്ലുകൾ സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതുകൊണ്ടാണ്. കുടിശ്ശിക വിതരണം വൈകുന്നത്. |
| (ബി) | എങ്കിൽ കുടിശ്ശിക തുക വിതരണം ചെയ്യാൻ വൈകുന്നതിനുള്ള കാരണമെന്താണ്; | | |
| (സി) | കുടിശ്ശിക വിതരണം ചെയ്യാത്ത പക്ഷം മാർച്ച് ഒന്ന് മുതൽ ഈ ഉപകരണങ്ങൾ നൽകില്ലെന്ന് വിതരണ കമ്പനികൾ അറിയിച്ചിട്ടുണ്ടോ; ഒട്ടേറെ രോഗികളെ ബുദ്ധിമുട്ടിലാക്കുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്? | (സി) | എറണാകുളം ജനറൽ ആശുപത്രിയിൽ കുടിശ്ശിക വിതരണം ചെയ്യാത്ത പക്ഷം ഉപകരണങ്ങൾ നൽകില്ലെന്ന് വിതരണ കമ്പനികൾ അറിയിച്ചിട്ടില്ല. രോഗികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത വിധം പ്രശ്നം പരിഹരിച്ചു വരുന്നു.<br>പാലക്കാട് ജില്ലാ ആശുപത്രിയിൽ ഉണ്ടായ താല്ക്കാലിക പ്രതിസന്ധി ബന്ധപ്പെട്ടുകൊണ്ട് കമ്പനിയുമായി ചർച്ചചെയ്ത് ധാരണയിലെത്തിയതിന്റെ അടിസ്ഥാനത്തിൽ സ്റ്റെന്റ് വിതരണം കമ്പനി മുടക്കിയിട്ടില്ലാത്തതിനാൽ രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ ചികിൽസ നടന്നു വരുന്നുണ്ട്. RSBY/Chis/Chis plus എന്നീ ഇൻഷുറൻസ് അധിഷ്ഠിത ചികിൽസാ സഹായം ലഭ്യമാക്കുന്ന കേസുകളിലും KBF ലും ചികിൽസിക്കുന്ന ഡോക്ടറുടെ/യൂണിറ്റ് ചീഫിന്റെ ശുപാർശ പ്രകാരം ആശുപത്രികൾ മുൻകൂട്ടി സ്റ്റെന്റ്, പേസ് മേക്കർ തുടങ്ങി ജീവൻരക്ഷാ |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങളും മരുന്നും രോഗികൾക്ക് നൽകുന്നുണ്ട്. KMSCL മുഖേന ലഭ്യമാകുന്ന ഈ ഉപകരണങ്ങൾക്കും മരുന്നിനും ഇൻഷ്വറൻസ് തുക/കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് മരുന്നു കമ്പനികൾക്ക് നൽകി വരുന്നുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ ഇൻഷ്വറൻസ് തുക ലഭ്യമാകുന്നതിൽ വരുന്ന കാലതാമസംകൊണ്ട് പ്രതിസന്ധി ഉണ്ടായിട്ടുണ്ട്. എന്നാൽ അത്തരം സാഹചര്യങ്ങളിൽ ആശുപത്രി വികസന സമിതിയിൽ ഫണ്ട് ലഭ്യമാക്കിയിട്ടുള്ളപക്ഷം അത് വിനിയോഗിച്ച് അടിയന്തിര ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല.<br><br>കമ്പനി അധികൃതരുമായി ചർച്ച നടത്തി ബില്ലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മുഴുവൻ തുകയും നൽകാമെന്ന് അറിയിച്ചതിനെതുടർന്ന് കമ്പനികൾ ഹൃദയ ചികിൽസാ ഉപകരണങ്ങൾ മുടക്കം കൂടാതെ വിതരണം നടത്തുന്നതിനാൽ രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ